നിലയങ്ങൾ സ്ഥാപിച്ചതുവഴി വൈദ്യുതി ഉത്പാദന ചെലവിൽ കാര്യമായ വർദ്ധനവ് വന്നിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ ഊർജ്ജാവശ്യകത കണക്കിലെടുത്ത് 1000 മെഗാവാട്ട് വരുന്ന വൻകിട ചെറുകിട ജലവൈദ്യുതി പദ്ധതികൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾക്കാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകി വരുന്നത്. വില കുറഞ്ഞ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരീക്ഷിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**കേന്ദ്ര സർക്കാരിന്റെ വൈദ്യുതി നയം**

22(*51) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രഗവൺമെന്റിന്റെ പുതിയ വൈദ്യുതി നയം വൈദ്യുതി ബോർഡുകളുടെ നിലനിൽപിനെ പ്രതികൂലമായി ബാധിക്കുകയും സ്വകാര്യ-വൽക്കരണത്തെ സഹായിക്കുകയും ചെയ്യുമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) വൈദ്യുതി നിരക്ക് സംബന്ധിച്ച ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ എടുക്കുന്ന തീരുമാനങ്ങൾ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണോ ;

(സി) ഉൽപാദന ചെലവിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി നിരക്ക് നിശ്ചയിക്കണമെന്ന വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേന്ദ്രസർക്കാർ കൊണ്ടുവന്ന പുതിയ വൈദ്യുതി ബിൽ സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന പുതിയ ബിൽ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് വെളിപ്പെടുത്തുമോ ;

(എഫ്) ഈ ബിൽ ഉപഭോക്തൃവിരുദ്ധവും സംസ്ഥാന താൽപ്പര്യത്തിനെതിരുമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ഈ ബില്ലിനെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) കേന്ദ്ര ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ എടുക്കുന്ന തീരുമാനങ്ങൾ കേന്ദ്ര വൈദ്യുതി നിലയങ്ങൾക്കും അന്തർ സംസ്ഥാന പ്രസരണത്തിലേർപ്പെടുന്ന ഏജൻസികൾക്കും ബാധകമാണ്. കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതനിലയങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്കും അതിന്റെ പ്രസരണത്തിനും റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കുകൾ നൽകുന്നതിന് ബാദ്ധ്യസ്ഥമാണ്.

(സി) ഉണ്ട്.

(ഡി) കേന്ദ്ര സർക്കാർ കൊണ്ടുവന്ന പുതിയ വൈദ്യുതി ബിൽ സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ താഴെപ്പറയുന്ന തരത്തിൽ ബാധിക്കും.

1. സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്മേലുള്ള സംസ്ഥാനസർക്കാരിന്റെ അധികാരങ്ങൾ പോദ്യം ചെയ്യപ്പെടുന്നു.

2. നിലവിൽ വൈദ്യുതി ഉപഭോക്താക്കൾ അനുഭവിക്കുന്ന പല സൗജന്യങ്ങളും നിർത്തലാക്കുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്യപ്പെടും.

3. വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിന് ഇന്ന് സംസ്ഥാന സർക്കാരിനുള്ള അധികാരം നഷ്ടപ്പെടും.

4. പൊതുമേഖലയിൽ പ്രവർത്തിച്ചുവരുന്ന വിദ്യുച്ഛക്തി ബോർഡുകൾ സ്വകാര്യവൽക്കരിക്കപ്പെടും

5. സംസ്ഥാനസർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുപോലും സാധിക്കാതെ വരും.

6. കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന ഈ വിഷയത്തിൽ സംസ്ഥാനത്തിനു മേൽ അടിച്ചേൽപ്പിക്കുന്ന ഈ പുതിയ ബിൽ ഭരണഘടനയുടെ ഫെഡറൽ സംവിധാനത്തിന് ദോഷമായി ബാധിക്കും.

7. പ്രേക്ഷണമേഖല സ്വകാര്യവൽക്കരിക്കുവാനുള്ള തീരുമാനം രാജ്യത്തിന്റെ സുരക്ഷിതത്വത്തിനു തന്നെ ഭീഷണിയായിരിക്കും.

8. നയപരമായ കാര്യങ്ങളിലടക്കം തീരുമാനങ്ങളെടുക്കുവാനുള്ള സർക്കാരിന്റെ അധികാരം എടുത്തു മാറ്റി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാക്കും.

(ഇ) കേന്ദ്രഗവൺമെന്റ് അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന പുതിയ വൈദ്യുതി ബില്ലിനെ മൊത്തമായിത്തന്നെ സംസ്ഥാനസർക്കാർ എതിർക്കുന്നു.

(എഫ്) ഉണ്ട്.

(ജി) ഉണ്ട്. ബില്ലിന്റെ ഒന്നാമത്തെ കരട് ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ തന്നെ സംസ്ഥാന വിദ്യുച്ഛക്തി വകുപ്പുമന്ത്രി എതിർപ്പ് വ്യക്തമാക്കുകയും, പിന്നീട് ഇക്കാര്യം സംസ്ഥാന മന്ത്രിസഭ ചർച്ച ചെയ്ത് സംസ്ഥാന സർക്കാരിന്റെ ബില്ലിനോടുള്ള എതിർപ്പ് രേഖാമൂലം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly